കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 05 .10.2022 മുതൽ 09 .10.2022 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും

ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 40/2022,(79) ചൊവ്വാഴ്ച | തീയ്യതി 04/10/2022 |
|---|---|

1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
|---|---|---|---|---|---|---|---|
| (3.2) | (30.8-32.9) | (22.7-24.4) | (90-95) | (51-64) | (1.1-2.5) | (0.4-9.5) | (2.4-4.4) |

2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 05.10.2022 | 06.10.2022 | 07.10.2022 | 08.10.2022 | 09.10.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 12 | 6 | 3 | 2 | 0.1 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 3 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 320 | 320 | 320 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 6 | 5 | 2 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ഒക്ടോബർ 05 | 2022 ഒക്ടോബർ 06 | 2022 ഒക്ടോബർ 07 | 2022 ഒക്ടോബർ 08 | 2022 ഒക്ടോബർ 09 |
|---|---|---|---|---|
| നേരിയ മഴ | നേരിയ മഴ | നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ |

3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതു നിർദേശങ്ങൾ : വിളകളിൽ രോഗകീടങ്ങൾ പടരാതെ നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ എടുക്കുക.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –വിരിപ്പ് (പാലുറച്ച പരുവം) | ബാക്ടീരിയൽ ഇല കരിച്ചിൽ | നെല്ലിൽ ബാക്ടീരിയൽ ഇല കരിച്ചിലിനു മുൻകരുതലായി 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതിൽ 20 ഗ്രാം സ്യൂഡോമോണാസ് കലക്കിയതും ചേർത്ത് തളിച്ചുകൊടുക്കുക. രോഗത്തിന്റെ വ്യാപനം തടയുന്നതിനായി 2 കിലോഗ്രാം ബ്ലീച്ചിങ്ങ് പൗഡർ ഒരു ഏക്കർ പാടശേഖരത്തിന് 100 ഗ്രാം വീതമുള്ള 20 കിഴികളാക്കി നീർചാലുകളിൽ ഇട്ടുകൊടുക്കാവുന്നതാണ്. രോഗം രൂക്ഷമാവുകയാണെങ്കിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽകലക്കി തളിക്കുക. |
| തെങ്ങ് | പരിചരണം | ഒരു വർഷത്തേക്കുള്ള രാസവള പ്രയോഗത്തിന്റെ രണ്ടാം ഗഡു. ജലസേചന സൗകര്യമുള്ള തെങ്ങുകൾക്ക് 550 ഗ്രാം യൂറിയ 700 ഗ്രാം രാജ്ഫോസ് 800 ഗ്രാം പൊട്ടാഷ് വീതവും മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന തെങ്ങുകൾക്കു 500 ഗ്രാം യൂറിയ 800 ഗ്രാം രാജ്ഫോസ് ഒരു കിലോ പൊട്ടാഷും തെങ്ങൊന്നിന് ഇട്ടു കൊടുക്കുക. |
| ഇഞ്ചി | മാണപ്പുഴു | ഇഞ്ചിയിൽ മാണപ്പുഴുവിന്റെ ആക്രമണം തടയുന്നതിനായി തടത്തിൽ വേപ്പിൻ പിണ്ണാക്ക് ഇട്ടുകൊടുക്കുക |

മൃഗസംരക്ഷണം- : കുരലടപ്പൻ, കുളമ്പു രോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. അകിട് വീക്കത്തിനെതിരെ ജാഗ്രത പുലർത്തുക. കാലിത്തീറ്റയോടൊപ്പം നിർദിഷ്ട അളവിൽ വിറ്റാമിൻ ധാതു ലവണ മിശ്രിതം നൽകുക. (CAADECCS, KVASU, Mannuthy).